# ആദ്യത്തെ മറുനാടൻ പ്രസംഗം

എം. എൻ. കാരശ്ശേരി



ആദ്യത്തെ മറുനാടൻ പ്രസംഗം

എം. എൻ. കാരശ്ശേരി
(മലയാളം: ലേഖനം)

© 2023, M. N. Karassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Young girl with a muff, a painting by Kate Greenaway (1846–1901). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ആദ്യത്തെ മറുനാടൻ പ്രസംഗം

ആ ഫോൺ കിട്ടിയപ്പോൾ ഞാൻ ഒന്നമ്പരന്നു—മദിരാശി നഗരത്തിൽ ഞാൻ പ്രസംഗിക്കണം. പത്തിരുപത്തെട്ട് കൊല്ലം മുമ്പാണ്, കേട്ടോ. അതായത് 1976 കാലം. ഞാനന്ന് കോഴിക്കോട്ട് മാതൃഭൂമിയിൽ സഹപത്രാധിപരാണ്—വയസ്സ് 25.

മദിരാശിയിലെ ന്യൂ കോളജിൽ ഇംഗ്ലീഷ് അധ്യാപകനും എഴുത്തുകാരനും എന്റെ സുഹൃത്തുമായ ടി. കെ. അബ്ദുൽ മജീദിന്റേതാണ് ഫോൺ. വിഷയം, അവിടെ മലബാറുകാരുടെ ഒരു സംഘടനയുണ്ട്. ഒരു വെൽഫെയർ അസോസിയേഷൻ. അതിന്റെ വാർഷികം. കെ. വി. അബൂബക്കർ കുട്ടി (മൂപ്പര് അന്ന് വാല് മുറിഞ്ഞ് കെ. വി. അബൂട്ടിയായിക്കഴിഞ്ഞിട്ടില്ല) നയിക്കുന്ന മാപ്പിളഗാനമേള. ഉദ്ഘാടകൻ ഞാനാണ്. മദിരാശി നഗരത്തിലെ 'കലൈവാണർ' അരംഗം എന്ന പേരായ ബഡാ ബമ്പൻ ഹാളിലാണ് പരിപാടി. ആ ഹാളിലാണ് പണ്ട് നിയമസഭ കൂടിയിരുന്നത്! നിയമസഭാ മന്ദിരം പണിതീർന്നതോടെയാണ് കലൈവാണർ അരംഗത്തിന്റെ പത്രാസ് ഒന്ന് താണത്. അങ്ങനെ എല്ലാവർക്കും എപ്പോഴും വാടകയ്ക്ക് കിട്ടില്ല. വളരെ സാഹസപ്പെട്ടാണ് ഹാൾ സംഘടിപ്പിച്ചത്. അവിടെ മലയാളികളുടെ ആദ്യത്തെ പരിപാടിയാവും ഇത്. നിശ്ചയമായും വരണം.

ഫോൺ വെച്ചപ്പോൾ എനിക്ക് മേലാകെ മധുരിക്കുന്നപോലെ തോന്നി. ഇതിന് പോകാതിരിക്കുകയോ? ചില്ലറ കാര്യമാണോ? മദിരാശി നഗരത്തിൽ അതിനു മുമ്പും മൂന്നുനാല് തവണ പോയി വന്നിട്ടുണ്ട്. എല്ലാം ക്ലൂറ കപ്പലിൽ പോയ പോലുള്ള പോക്ക്. ഇതങ്ങനെയല്ലല്ലോ—ഉദ്ഘാടകൻ!

വി. വി. ഐ. പി.!!

മുഖം മുഴുവൻ പരന്ന ചിരി കണ്ടാവണം, തൊട്ട സീറ്റിലിരിക്കുന്ന വി. രവീന്ദ്രനാഥ് ചോദിച്ചു:

'എന്താടോ, ഇത്ര വലിയ സന്തോഷം?'

അപ്പോഴാണ് സ്വന്തം മുഖഭാവത്തിന്റെ ചേപ്രത്തരം എനിക്ക് തിരിഞ്ഞുകിട്ടിയത്. ഞാൻ ശ്രമപ്പെട്ട് ആ ചിരി ഓഫാക്കി കാര്യം പറഞ്ഞു.

ഉടനെ രവി:

"തനിക്ക് വേറെ പണിയില്ലേ? രണ്ട് മൂന്ന് ലീവ് കളയണം. കാശ് കളയണം. എത്രനേരം വണ്ടിയിൽ കുത്തിയിരിക്കണം? എല്ലാം കൂടി അരമണിക്കൂർ പ്രസംഗത്തിന്."

ഞാൻ രവിയോട് തർക്കിക്കാൻ നിൽക്കാതെ ചിരിച്ചു. രവിക്കെന്തറിയാം? പത്തു പന്ത്രണ്ട് മണിക്കൂർ അങ്ങോട്ടും പത്ത് പന്ത്രണ്ട് മണിക്കൂർ ഇങ്ങോട്ടും കുത്തിയിരുന്നാലെന്താ? രണ്ടു മൂന്ന് ലീവ് പോയാലെന്താ? ലീവ്, ലീവ് എന്നൊക്കെപ്പറയുന്നത് ഇതിനു വേണ്ടിയല്ലയോ? പിന്നെ, പൈസ. അതവര് തരും. ഞാൻ മദിരാശി കീഴടക്കാൻ പോവുകയാണെന്ന് പാവം രവിക്കറിഞ്ഞുകൂടാ. ഞാൻ മറുനാടൻ മലയാളികളോട് സ്നേഹാദരങ്ങൾ പ്രകടിപ്പിക്കുവാനും അവരുടെ സ്നേഹാദരങ്ങൾ ഏറ്റുവാങ്ങാനും പോവുകയാണെന്ന് രവിക്കറിഞ്ഞുകൂടാ. രവിക്കെപ്പോഴും പണി, പണി എന്നൊരു വിചാരമേയുള്ളൂ.

ന്യൂസ് എഡിറ്റർ വിംസിയോട് ചെന്ന് വിവരം പറഞ്ഞപ്പോഴും സ്ഥിതി ഇതുതന്നെയായിരുന്നു. പണിപ്പിരാന്തിൽ മൂപ്പര് രവിയുടെ മൂത്താപ്പയാണ്! ഒന്നും പറയണ്ട, എങ്ങനെയൊക്കെയോ ലീവ് സംഘടിപ്പിച്ചു. രവിയോട് പൈസ കടംവാങ്ങി രണ്ടു ദിവസത്തിനകം തീവണ്ടി ബുക്ക് ചെയ്തിട്ടേ എനിക്ക് സ്വസ്ഥത കിട്ടിയുള്ളൂ.

സ്വസ്ഥത കിട്ടി എന്നൊക്കെ ഒരു ഭംഗിവാക്ക് പറഞ്ഞതല്ലേ? എവിടെ സ്വസ്ഥത? എന്ത് സ്വസ്ഥത? മദിരാശിയിൽ ഉദ്ഘാടനം ചെയ്യാൻ പോകുന്നതിന്റെ മജ നാലാളോട് പറഞ്ഞു നടക്കണ്ടേ? പിന്നെ, പ്രസംഗം; ഒരുങ്ങണം. അത് ജോറാവുമോ? നന്നാക്കാൻ എന്തുവഴി?

സുഹൃത്തുക്കളായ ദയാനന്ദൻ, കാനേഷ് പൂനൂര്, എ. പി. കുഞ്ഞാമു, എൻ. ബി. എസ്. ശ്രീധരൻ മുതൽ പേരോടെല്ലാം വിവരം പറഞ്ഞു.

പിന്നെയാണ് പ്രസംഗത്തിന്റെ ബേജാറ് തുടങ്ങിയത്. എന്തൊക്കെപ്പറയണം? എത്രനേരം പറയണം? പ്രസംഗിക്കുന്നത് സൈക്കിള് ചവിട്ടാൻ പഠിക്കുന്നതുപോലെയാണ്. സൈക്കിളിൽ കയറാനല്ല, ഇറങ്ങാനാണ് പ്രയാസം. അതുപോലെ പ്രസംഗം തുടങ്ങാനല്ല, അവസാനിപ്പിക്കാനാണ് പ്രയാസം. പ്രസംഗം നന്നായി അവസാനിപ്പിക്കുന്നവർ കമ്മിയാണ്.

മാപ്പിളഗാനമേളയാണല്ലോ. അപ്പോൾ മാപ്പിളപ്പാട്ടിനെപ്പറ്റി കാര്യമായി ചിലത് പറയണം. പിന്നെ മറുനാടൻ മലയാളികളെപ്പറ്റി വേണം. 1975 കാലത്ത് ഞാനും ഒരു മറുനാടൻ മലയാളിയായിരുന്നു. ഒരു ട്രാൻസ്പോർട്ട് കമ്പനി മാനേജരായി കുറച്ചു കാലം ഞാൻ ബാംഗ്ലൂരിൽ ജോലി ചെയ്തിട്ടുണ്ട്. അക്കാലത്തെ ചില അനുഭവങ്ങൾ കാച്ചാം. സ്വന്തം അനുഭവം പറയുമ്പോൾ കേൾവിക്കാരുമായി ഒരടുപ്പം വരും. തീർച്ചയായും ഇക്കാലത്തെ കേരളീയ സംസ്കാരത്തിന്റെ കൊള്ളരുതായ്മകൾ ചിലത് തോല് പൊളിച്ചു കാട്ടണം. അപ്പോൾ ഇടശ്ശേരിയുടെ രണ്ടുവരി കാച്ചാം:

> "ഇത്തറവാടിത്തഘോഷണത്തെപ്പോലെ
> വൃത്തി കെട്ടിട്ടില്ല മറ്റൊന്നുമൂഴിയിൽ"

മോയിൻകുട്ടി വൈദ്യരുടെ നാല് വരി ഉദ്ധരിക്കാതിരുന്നാൽ മോശമല്ലേ? അതു പറഞ്ഞാൽ മതിയോ? പാടണ്ടേ? ഞാൻ പാടിയാൽ ആള് കൂവും. കൂവുന്നത് പാടുന്നതിന്റെ കൊയിന്തം കൊണ്ടാവും.

എന്ത് നിവൃത്തി?

ഇത് തന്നെയായി, എപ്പോഴും ആലോചന.

പ്രസംഗത്തിന് വേണ്ടി രാപ്പകൽ ഒരുങ്ങുന്നതിനിടയിൽ സാധനം നീണ്ടുപോയാലുള്ള ആപത്തിനെപ്പറ്റി ഞാൻ സ്വയം ശാസിച്ചു. അപ്പോഴാണ് നാട്ടുകാരനും മുൻ എക്സിക്യൂട്ടീവ് ഓഫീസറും ആയ കെ. അബു പറഞ്ഞ ആ കഥ എനിക്കോർമവന്നത്.

ഞങ്ങളുടെ അയൽനാടായ കൊടിയത്തൂരിൽ ആലി മമ്മദ് എന്ന പേരായി ഒരു കമ്യൂണിസ്റ്റുകാരനുണ്ടായിരുന്നു. തീപ്പൊരി പ്രസംഗക്കാരൻ. പ്രസംഗിക്കാൻ ചുരുങ്ങിയത് നാല് മണിക്കൂർ വേണം. സമയം അതിൽ കുറവാണോ, മൂപ്പരെ നോക്കണ്ട. അതുകൊണ്ട് അത്രയും സമയം കൊടുക്കാനുള്ളപ്പോഴേ ഈ സഖാവിനെ സ്റ്റേജിൽ കയറ്റൂ.



എ. കെ. ജി.

ഒരിക്കൽ വലിയൊരു പരിപാടിയിൽ മൂപ്പരെക്കൊണ്ട് ഒരത്യാവശ്യം വന്നു. സംഗതി എന്താണെന്ന് വെച്ചാൽ, സഖാവ് എ. കെ. ജി.-യുടെ ഒരു പ്രസംഗം. കൊടിയത്തൂരിലാണ്. വൈകുന്നേരം ആറ് മണി എന്നാണ് നോട്ടീസിൽ വെച്ചിരിക്കുന്നത്. അന്നത്തെ വലിയ ധൂർത്തായ ഉച്ചഭാഷിണിയും ഉണ്ണിക്കാമ്പിന്റെ വെളിച്ചവും ഒക്കെയുള്ള ഗംഭീര പരിപാടിയാണ് എന്നോർത്തുകൊള്ളണം. മൂന്നു മണിക്കേ പെട്ടിപ്പാട്ട് വെച്ചു. അഞ്ചു മണിയോടെ യോഗസ്ഥലം നിറഞ്ഞുകവിഞ്ഞു. ആറുമണിയോടെ ഒരു ദൂതൻ വന്നു—എ. കെ. ജി. വരും. പക്ഷേ, കുറച്ചു വൈകും.

വരുമല്ലോ. മതി. പ്രശ്നമില്ല. ഇവിടെ സഖാവ് ആലി മമ്മദ് റെഡിസ്റ്റോക്കുണ്ടല്ലോ. പെട്ടിപ്പാട്ട് നിർത്തി കൃത്യം ആറ് മണിക്ക് യോഗം തുടങ്ങി. അധ്യക്ഷൻ എ. കെ. ജി. ഉടനെ വന്നെത്തുമെന്ന് പറഞ്ഞശേഷം "ഈ നാടിന്റെ കണ്ണിലുണ്ണിയും നമുക്കേവർക്കും പ്രിയങ്കരനുമായ" സഖാവ് ആലിമമ്മദിനെ രണ്ടുവാക്ക് പറയുവാൻ ക്ഷണിച്ചു.

രണ്ട് വാക്കേ! ഏണിയില്ലാതെ കയറുന്ന കുരങ്ങിന് ഏണിവെച്ചുകൊടുത്തു എന്നു പറഞ്ഞ മാതിരി, ഉച്ചഭാഷിണിയില്ലാതെ നാല് മണിക്കൂറിൽ 'ചുരുക്കി' പ്രസംഗിക്കുന്ന കണ്ണിലുണ്ണിക്കാണ് ഉച്ചഭാഷിണി കൊടുത്തിരിക്കുന്നത്. മുമ്പിലാണെങ്കിലോ വെളിച്ചത്തിൽ കുളിച്ചുനിൽക്കുന്ന മഹാജനം. മൂപ്പരങ്ങ് തുടങ്ങി. നേരം പോയത് ആരുമാരും അറിഞ്ഞില്ല. ഒന്നര മണിക്കൂറു കഴിഞ്ഞപ്പോൾ സഖാവ് എ. കെ. ജി. ഹാജർ! ആ നേതാവിനെ കണ്ടിട്ടും പ്രസംഗം നിന്നില്ല. അധ്യക്ഷൻ കുറിപ്പ് കൊടുത്തിട്ടും പ്രസംഗം നിന്നില്ല. ജനങ്ങൾ വിളിച്ചുപറഞ്ഞിട്ടും നിന്നില്ല, പ്രസംഗം.

എ. കെ. ജി. ഒരിളംചിരിയോടെ പ്രസംഗവും കേട്ടു നിൽക്കുകയാണ്. ആലി മമ്മദ് താൻ തന്നെ വിചാരിച്ചാലും പ്രസംഗം നിർത്താനാവുകയില്ലെന്ന് പാവം ജനങ്ങൾക്കറിഞ്ഞുകൂടാ. അധ്യക്ഷൻ ദേഷ്യത്തോടെ രണ്ടാമത്തെ കുറിപ്പ് നീട്ടിയപ്പോൾ നിസ്സഹായനായ പ്രസംഗകനിൽനിന്നും പുറപ്പെട്ട ദയനീയമായ അപേക്ഷ ഉച്ചഭാഷിണിയിലൂടെ എല്ലാവരും കേട്ടു:

"പൊന്നാര സഖാവേ, ന്റെ പ്രസംഗൊന്ന് നിർത്തിക്കൊണ്ടാ."

അധ്യക്ഷൻ ഉടനെത്തന്നെ ചാടിയെണീറ്റ് "സഖാവ് ആലിമമ്മദിന്റെ പ്രസംഗം ഇവിടെ അവസാനിപ്പിച്ചിരിക്കുന്നു" എന്ന് പ്രഖ്യാപിച്ചു. ആ ശുഭ മുഹൂർത്തത്തിൽ മാനംപൊട്ടുമാറ് ഉയർന്ന മഹാമഹാ കയ്യടിയുടെ പ്രകമ്പനത്തിൽ സഖാവ് എ. കെ. ജി.-ക്ക് നേരിയതായ ഒരു തലകറക്കം അനുഭവപ്പെട്ടു എന്നാണ് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുള്ളത്.

പണ്ടത്തെ എഴുത്തുകാർ പറയാറുള്ളതുപോലെ, എന്തിനേറെപ്പറയുന്നു, ഒടുവിൽ ആറ്റുനോറ്റിരുന്ന ദിവസം വന്നെത്തി. കെ. വി. അബൂബക്കർ കുട്ടിയുടെ സംഘവും ഞാനും കോഴിക്കോട്ടുനിന്ന് മദിരാശിക്ക് വണ്ടി കയറി. സെൻട്രൽ സ്റ്റേഷനിൽ വണ്ടിയിറങ്ങിയപ്പോൾ ടി. കെ. അബ്ദുൽ മജീദും അസോസിയേഷന്റെ നേതാക്കന്മാരുമൊക്കെ സ്വീകരിക്കാനുണ്ടായിരുന്നു. അവർ ഞങ്ങളെ ഹോട്ടൽ മുറിയിലേക്ക് കൂട്ടിക്കൊണ്ടുപോയി. ഒന്നാം തരം മുറി. കുളിച്ച് കുപ്പായം മാറ്റി മാന്യന്മാരായി കോഴിയിറച്ചിയും പത്തിരിയും കൂട്ടി ചായ കുടിച്ച് പള്ള ബാറാക്കിയപ്പോൾ ഞാനോർത്തു—പടച്ച റബ്ബേ! പ്രസംഗം നന്നാവാതെ പോയാൽ...

പ്രസംഗത്തെപ്പറ്റി ബേജാറായാലും കെണിയാണ്. 'ബേജാർസിംഗ്'മാരാണ് സ്റ്റേജിൽ കയറി ഓരോരോ ബ്രഹ്മാണ്ഡ വിഡ്ഢിത്തങ്ങൾ എഴുന്നള്ളിക്കുക. ആ ബുദ്ധിമാൻ എങ്ങനെ ഈ വിഡ്ഢിത്തം പറഞ്ഞു എന്ന് നമ്മൾ അമ്പരന്നുപോകും... കാര്യം: സഭാകമ്പം എന്ന മൂച്ചിപ്പിരാന്ത് കയറിയതാണ്! എന്നാൽ ബുദ്ധിക്ക് വല്ല കുറവും ഉണ്ടോ? അതില്ല. ആ സ്റ്റേജിൽ നിന്നിറങ്ങിയാൽ കലിയടങ്ങും. പിന്നെ പഴയ മാതിരി മഹാബുദ്ധിമാനായാണ് വീട്ടിലേക്ക് പോവുന്നത്.

സഞ്ജയൻ പറഞ്ഞ തമാശ എനിക്ക് ആ പരിഭ്രമത്തിനിടയിലും തേട്ടി വന്നു.

ഒരു വിദ്വാൻ പ്രസംഗം തുടങ്ങുകയാണ് "മാന്യന്മാരേ, മറ്റുള്ളവരേ..."

അപ്പോൾ ന്യായമായും ഒരു സംശയം. ആരാണീ മറ്റുള്ളവർ? ന്യായമായും ഒരു മറുപടി—ചോദിക്കാനുണ്ടോ? പത്രക്കാർ!

ഇങ്ങനെ വല്ലതും നാക്കബദ്ധം വന്നുപോയാലത്തെ ഹാലെന്താണ്? ഞാൻ പിന്നെയും പിന്നെയും വിവരങ്ങളും ആശയങ്ങളും ഉദ്ധരണികളുമെല്ലാം അയവെട്ടിക്കൊണ്ടിരുന്നു.

"ഇത്തിരി നേരത്തെ പോവാം" എന്ന് മജീദ് പറഞ്ഞതിനാൽ ഏഴ് മണിക്കുള്ള പരിപാടിക്ക് മൂന്ന് മണിക്ക് തന്നെ ഞങ്ങൾ ഹോട്ടലിൽനിന്ന് പുറപ്പെട്ടു. എനിക്ക് ഒരേയൊരു പണി പ്രസംഗത്തെപ്പറ്റി പരിഭ്രമിക്കുകയാണ്. അത് ഹോട്ടലിൽ ഇരുന്നായാലെന്താ, ഹാളിലിരുന്നായാലെന്താ?

മൂന്നര മണിക്ക് തന്നെ ഞങ്ങൾ ഹാളിലെത്തി. ആ കെട്ടിടം കണ്ട് ഞാൻ 'മിഴുങ്ങസ്യ' എന്ന് നിന്നു. എന്റെ ആദ്യത്തെ മദിരാശി പ്രസംഗം നടന്ന സ്ഥലമായി ചരിത്രത്തിൽ സ്ഥാനം പിടിക്കാൻ പോകുന്ന ആ കൂറ്റൻ കെട്ടിടത്തോട് എന്തെന്നില്ലാത്ത ഒരു സ്നേഹം തോന്നിപ്പോയി.

മജീദിനെ കാണാൻ അവിടെ ഒരു മദാമ്മ വന്നു. അതോടെ ഞങ്ങൾ ഉഷാറായി. ഏതോ ഇംഗ്ലീഷ് സിനിമാ വാരികക്ക് വേണ്ടി ആ സുന്ദരിയെ ഇന്റർവ്യൂ ചെയ്യുകയാണ് മൂപ്പർ. അവിടെ ഉദ്ഘാടകനായി വന്നെത്തിയ എന്നെ ഒട്ടും ഗൗനിച്ചില്ല. വേണ്ട. പരിപാടി തുടങ്ങട്ടെ. മലയാളത്തിലാണെങ്കിലും ഞാൻ പ്രസംഗിക്കുന്നുണ്ട്. സദസ്സിന്റെ പ്രതികരണം കണ്ട് മദാമ്മ വിരളും. ഈ കറുത്തുമെലിഞ്ഞ പയ്യന്റെ തദ്സ്വരൂപം അപ്പോൾ കാണാം!

ചായ വന്നു. സംഘാടകരിൽപ്പെട്ട ചിലരൊക്കെ വന്ന് പരിചയപ്പെട്ടു. ചിരികൾ. വെറും വർത്തമാനം. എനിക്ക് ബോറടിച്ചു. ഏഴ് മണിയായിക്കിട്ടിയെങ്കിൽ... നൊമ്പലം കെട്ടിയ ഗർഭിണിയെപ്പോലെ ഞാൻ പ്രസംഗിക്കാൻ മുട്ടി ഇരിക്കുകയാണ്. മണി ഏഴായി. ഏഴരയായി. ഹാൾ ഇനിയും തുറന്നിട്ടില്ല. ഒരു കുഞ്ഞും ആ വഴിക്ക് വന്നില്ല. മജീദ് പുതുതായി ഒന്നും സംഭവിച്ചിട്ടില്ലാത്ത മാതിരി അപ്പോഴും നാട്ടുവർത്തമാനത്തിലാണ്. റൂമിൽ പോയി തിരിച്ചുവരാം എന്നും പറഞ്ഞ് മദാമ്മ സ്ഥലംവിട്ടിരിക്കുന്നു.

ഞാൻ ശകലം ഈറയോടെ ചോദിച്ചു: "എന്താ മജീദ്, ആരെയും കാണുന്നില്ലല്ലോ?"

"എന്റെ കാരശ്ശേരി, അടങ്ങിയിരിക്ക്. നമ്മുടെ ആൾക്കാരധികവും ഹോട്ടൽ തൊഴിലാളികളാണ്. പണി കഴിഞ്ഞ് കുളിച്ച് കുപ്പായം മാറി അവർ വരാൻ അൽപം വൈകും."

"സാധാരണ എത്ര മണിക്കാണ് നിങ്ങൾ പരിപാടി തുടങ്ങുന്നത്?"

ഒരു സാധാരണകാര്യം മാതിരി മജീദ് പറഞ്ഞു:

"പത്തു മണിയാവും."

"പത്തുമണിയോ?" അപ്പോൾ പിന്നെ ഇത് തീരുന്നതെപ്പഴാ?"

"ശകലം വൈകും. നാളെ അവർക്കൊക്കെ ലീവാ."

ഞാൻ ദേഷ്യം വരാതെ പിടിച്ചുനിന്നു. ദേഷ്യം വന്നാൽ പ്രസംഗം കന്തത്തിലാവും. ഉദ്ഘാടനപ്രസംഗമല്ലയോ? അതു കസറണ്ടേയോ?

ഒറ്റയും തെറ്റയുമായി ആളുകൾ വന്നു തുടങ്ങി. നേരം പോയിക്കിട്ടാൻ ഞാൻ ചിലരോടൊക്കെ വർത്തമാനത്തിന് നിന്നു. വൈകുന്നേരം മൂന്നര മുതൽ അവിടെ കാത്തുകെട്ടിക്കിടക്കുകയാണ് ഉദ്ഘാടകൻ എന്ന് അവരറിഞ്ഞോ എന്തോ. അതിനിടയിലാണ് ആ വർത്തമാനം ഞാനറിഞ്ഞത്—പരിപാടിക്ക് എതിരുണ്ട്!

കാര്യമെന്താണെന്നോ: സംഘടനാതെരഞ്ഞെടുപ്പിനെപ്പറ്റി പരാതികൾ—മെമ്പർഷിപ്പ് കൊടുത്തതിനെപ്പറ്റി, കണക്കുകളെപ്പറ്റി... യോഗം കലക്കും എന്ന് ഒരു കൂട്ടർ പറഞ്ഞിട്ടുണ്ട്. നേര് പറയാമല്ലോ, ഞാൻ ശരിക്കും പരിഭ്രമിച്ചു. പടച്ചോനേ! ഇവിടെ വന്ന് കണ്ടവന്റെ തല്ലുകൊണ്ട് മടങ്ങേണ്ടിവരുമോ?

ഞാൻ ചെന്ന് സംഘാടകരിൽ ചിലരോട് സംഗതി ചോദിച്ചു. ഓ, അതൊക്കെ അല്ലറചില്ലറ എല്ലായിടത്തും കാണും എന്ന് ജവാബ്.

ആളുകൾ വന്നുകൊണ്ടേയിരുന്നു.

അങ്ങനെ പത്തര മണിക്ക് യോഗം തുടങ്ങി. പുറമേ നിന്ന് കണ്ടതിനേക്കാൾ ഗംഭീരമാണ് ഹാളിന്റെ ഉൾവശം. നല്ല സദസ്സുണ്ട്. പക്ഷേ, ഒട്ടും അച്ചടക്കമില്ല. യോഗം തുടങ്ങിയാൽ നേരെയായിക്കൊള്ളും എന്ന സമാധാനത്തിൽ ഞാൻ ഘനഗംഭീരമാവാൻ പോകുന്ന എന്റെ പ്രസംഗത്തിലെ പോയന്റുകളും ഉദ്ധരണികളും ഓർത്തിരിക്കുകയാണ്.

സ്വാഗതപ്രസംഗം തുടങ്ങിയ ഉടനെ കൈയടിയും തുടങ്ങി. സൂചന വളരെ ലളിതമായിരുന്നു—പ്രസംഗിക്കാൻ സമ്മതിക്കില്ല. കൈയടിച്ച് തളർന്നപ്പോൾ കൂക്കിവിളിയായി. അധ്യക്ഷപ്രസംഗത്തിന്റെ ഗതിയും ഇതു തന്നെ. പ്രസംഗിക്കുന്ന താനടക്കം ആരും ഒന്നും കേൾക്കുന്നില്ലെന്ന് ഉറപ്പുണ്ടായിട്ടും അധ്യക്ഷൻ അഞ്ചു മിനിട്ട് പ്രസംഗിച്ചു.

ഉദ്ഘാടനപ്രസംഗത്തിന് എന്നെ ക്ഷണിച്ചതോടെ സദസ്സ് നിശ്ശബ്ദമായി. എന്നോട് അവർക്കാർക്കും ഇഷ്ടമോ അനിഷ്ടമോ ഉണ്ടാവേണ്ട കാര്യമില്ല. എന്നാലും കൂവും എന്ന് തീർച്ച!

ഞാൻ മൈക്കിനടുത്തെത്തിയപ്പോൾ സദസ്സിൽനിന്ന് വൻശബ്ദത്തിൽ 'ങ്ആ' എന്നൊരു പ്രയോഗം കേട്ടു. ഞാൻ ആ ഭാഗത്തേക്ക് നോക്കി. അനക്കമില്ല. പെട്ടെന്ന് എനിക്ക് ഒരു വാശി തോന്നി. നാട്ടുകാരുടെ കൂവൽ കേട്ട് ഈ മറുനാട്ടിൽനിന്ന് മടങ്ങിക്കൂടാ. തങ്ങൾക്കറിഞ്ഞുകൂടാത്ത ഒരാൾ എന്തു പറയും എന്ന് ഒരു നിമിഷം അവർ ശ്രദ്ധിച്ചേക്കാം...

സംബോധന പോലുമില്ലാതെ ഞാൻ തുടങ്ങി:

"നാട്ടിൽനിന്ന് എത്രയോ അകലെ ആയിരിക്കുമ്പോഴും മലയാളക്കരയുടെ സംഗീതകലാപാരമ്പര്യങ്ങളോട് നിങ്ങൾ കാണിക്കുന്ന ഈ താൽപര്യത്തെ അഭിവാദ്യം ചെയ്തുകൊണ്ട് വേദിയുടെയും സദസ്സിന്റെയും അനുവാദത്തോടെ ഈ പരിപാടി ഉദ്ഘാടനം ചെയ്തതായി ഞാൻ പ്രഖ്യാപിക്കുന്നു."

അതും പറഞ്ഞ് ഞാൻ ഇരുന്നതും സദസ്സിന്റെ ഉഗ്രൻ കൈയടി. കൂക്കി വിളിക്കാൻ അവർ ആലോചിക്കുമ്പോഴേക്ക് പ്രസംഗം തീർന്നു. ആ വെളവ് അവർക്ക് രസിച്ചിരിക്കണം!

പിന്നെ വന്ന ആശംസക്കാരൊക്കെ രണ്ടുമൂന്ന് വാക്യങ്ങളിൽ പ്രസംഗിച്ചിട്ടും കൂവൽ വാരിക്കെട്ടി. ആ നേരത്ത് ഞാൻ ആലോചിക്കുകയായിരുന്നു: രവി ഇത് കണ്ടാൽ എന്തു പറയും? ഈ ഒരു വാക്യം പറയാനാണോ താൻ ഇത്ര സമയവും അധ്വാനവും ചെലവാക്കിയത്? നല്ല കഥ. ആ സദസ്സിന്റെ 'കൈയടി' വേറെ മട്ടിലും വന്നേക്കും എന്നു തോന്നിപ്പോയിരുന്നു. അങ്ങനെ വന്നിരുന്നെങ്കിൽ, പണ്ടാരോ പറഞ്ഞ പോലെ, മുഖം കൊണ്ട് തടുക്കേണ്ടിവന്നേനെ. അഴീക്കോട് മാസ്റ്റർ എം. എ. ക്ലാസ്സിൽ പറഞ്ഞ ഒരു നേരമ്പോക്ക് അപ്പോൾ ഓർമയായി—"ഓരോരുത്തർക്കും ഓരോ അടിസ്ഥാനമുണ്ട്. ചിലർക്ക് അത് മുഖമാണ്."

ലോകത്തിലെ ഏറ്റവും ഹ്രസ്വമായ ഒറ്റവാക്യത്തിലുള്ള ഉദ്ഘാടന പ്രസംഗം ചെയ്തതിന്റെ അന്തസ്സിൽ (ഒരു വാക്യത്തിൽ കുറച്ച് ആർക്കും പ്രസംഗിക്കാൻ കഴിയില്ലല്ലോ) ഞാൻ അങ്ങനെ ഇരിക്കുമ്പോൾ കെ. വി. അബൂബക്കർ കുട്ടിയും സംഘവും പാട്ട് തുടങ്ങി:

'ബദറുൽ ഹുദാ യാസീൻനബി ഖറജായന്നേരം'

സദസ്സിൽ കശപിശ മൂക്കുന്നു. ആളുകൾ തമ്മിൽ ഉന്തും തള്ളും. പാട്ട് നിരുപാധികം മുന്നേറുന്നു. സദസ്സിൽ കൈയാങ്കളി തുടങ്ങുന്നു. പാട്ട് തുടരുന്നു. അടിപൊട്ടുന്ന ഒച്ച. വേദിയിൽ സംഗീതവും സദസ്സിൽ ഒന്നാംനമ്പര് തല്ലും. പോലീസ് കടന്നുവരുന്നു! സദസ്സിലുള്ള ചില മലയാളത്താന്മാരെ പോലീസുകാർ പൊക്കിക്കൊണ്ടുപോവുന്നു...

റബ്ബേ! പോലീസ് പിടിക്കുമോ എന്ന ബേജാറുമായി ഇരുന്ന ഉദ്ഘാടകനെ മജീദും കൂട്ടുകാരും സൂത്രത്തിൽ സ്റ്റേജിന്റെ പിന്നാമ്പുറത്തുകൂടി പുറത്തെത്തിച്ചു. തടി സലാമത്തായതിന്റെ ആശ്വാസത്തിൽ ഞാൻ നിൽക്കുമ്പോൾ പാട്ട് തുടരുന്നത് കേട്ടു.

ഗതാഗതത്തിരക്കേറിയ ആ റോഡിന്റെ ഓരത്തു നിന്ന് ഞാൻ ആലോചിച്ചു—ഞാൻ ഇതുവരെ നടത്തിയതിലേക്ക് വെച്ച് ഏറ്റവും നല്ല പ്രസംഗം ഇന്നത്തേതാണ്. ഞാൻ ഇനി നടത്താൻ പോവുന്ന പ്രസംഗങ്ങളിലേക്കും ഏറ്റവും നല്ലത് ഇതുതന്നെ!

വാരാദ്യമാധ്യമം: 22 ആഗസ്റ്റ് 2004

□

## എം. എൻ. കാരശ്ശേരി



മുഴുവൻ പേര്: മുഹ്യുദ്ദീൻ നടുക്കണ്ടിയിൽ. കോഴിക്കോട് ജില്ലയിലെ കാരശ്ശേരി എന്ന ഗ്രാമത്തിൽ 1951 ജൂലായ് 2-ന് ജനിച്ചു. പിതാവ്: പരേതനായ എൻ. സി. മുഹമ്മദ് ഹാജി. മാതാവ്: കെ. സി. ആയിശക്കുട്ടി. കാരശ്ശേരി ഹിദായത്തുസ്സിബിയാൻ മദ്രസ്സ, ഐ. ഐ. എ. യു. പി. സ്കൂൾ, ചേന്ദമംഗല്ലൂർ ഹൈസ്കൂൾ, കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജ്, കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗം എന്നിവിടങ്ങളിൽ പഠിച്ചു. സോഷ്യോളജി-മലയാളം ബി. എ., മലയാളം എം. എ., മലയാളം എം. ഫിൽ. പരീക്ഷകൾ പാസ്സായി. 1993-ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ്. 1976–78 കാലത്ത് കോഴിക്കോട്ട് മാതൃഭൂമിയിൽ സഹപത്രാധിപരായിരുന്നു. പിന്നെ അധ്യാപകനായി. കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കോടഞ്ചേരി ഗവ. കോളേജ്, കോഴിക്കോട് ഗവ: ഈവനിങ്ങ് കോളേജ് എന്നിവിടങ്ങളിൽ ജോലി നോക്കി. 1986-മുതൽ കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗത്തിൽ.

പുസ്തകങ്ങൾ: പുലിക്കോട്ടിൽകൃതികൾ (1979), വിശകലനം (1981), തിരുമൊഴികൾ (1981), മുല്ലാനാസറുദ്ദീന്റെ പൊടിക്കൈകൾ (1982), മക്കയിലേക്കുള്ള പാത (1983), ഹുസ്നുൽ ജമാൽ (1987), കുറിമാനം (1987), തിരുവരുൾ (1988), നവതാളം (1991), ആലോചന (1995), ഒന്നിന്റെ ദർശനം (1996), കാഴ്ചവട്ടം (1997) തുടങ്ങി എൺപതിലേറെ കൃതികൾ.

ഭാര്യ: വി. പി. ഖദീജ, മക്കൾ: നിശ, ആഷ്‌ലി, മുഹമ്മദ് ഹാരിസ്.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014